©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ജനുവരി 16<br>16th January 2024<br>1199 മകരം 2<br>2nd Makaram 1199<br>1945 പൌഷം 26<br>26th Pousha 1945 | നമ്പർ<br>No. 155 |


**1961 - ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരമുള്ള പരസ്യം**

ബി-782/2023 2024 ജനുവരി 16

ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക്, കട്ടപ്പന വില്ലേജിൽ ബ്ലോക്ക് 62-ൽ ഉൾപ്പെടുന്ന താഴെ പറയുന്ന സർവ്വേ നമ്പരുകളിൽപ്പെടുന്നതും രാമക്കൽമേട് ഗ്രീൻ എനർജി പദ്ധതിയ്ക്കായി നിർമ്മലാസിറ്റിയിൽ 220 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതുമായ ഭൂമികളുടെ സർവ്വേ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാൽ ഈ വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, മേൽപ്പറഞ്ഞ വില്ലേജിലെ താഴെ പറയുന്ന സർവ്വേ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്റ്റിലെ 6 (1) -ാം വകുപ്പുപ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽപ്പറഞ്ഞ ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വേയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുംവേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6 (2) എന്ന വകുപ്പുപ്രകാരം ഈ പരസ്യം മേൽപ്പറഞ്ഞ ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3)-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാർക്കും :-

1. സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും;
2. കൊടിപിടിക്കുന്നവരേയും ചെയിൻമാൻമാരേയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;
3. അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റുപ്രകാരങ്ങളിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (1) മുതൽ (3) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽനിന്നും വസൂലാക്കുന്നതുമാണ്.

**ഭൂമിയുടെ വിവരങ്ങൾ**

ജില്ല - ഇടുക്കി — താലൂക്ക് - ഇടുക്കി

വില്ലേജ് - കട്ടപ്പന — ബ്ലോക്ക് നമ്പർ -62

| ക്രമ നമ്പർ | സർവ്വെ നമ്പർ |
|---|---|
| 1 | 142/1-2 |
| 2 | 142/1-3 |
| 3 | 146/4-2 |
| 4 | 147/1-2 |
| 5 | 148/1-1 |
| **ആകെ** | **1.5466 ഹെക്ടർ** |

(ഒപ്പ്)

സ്ഥലമെടുപ്പ് ആഫീസർ ആന്റ്

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തൊടുപുഴ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.16 07:20:16 +05:30